പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3494 — 22/08/2017-ൽ മറുപടിക്ക്

## മരുന്ന് സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.എസ്.ശിവകുമാർ**<br>**ശ്രീ.കെ.സി.ജോസഫ്**<br>**ശ്രീ.എ.പി. അനിൽ കുമാർ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | ഡയബറ്റീസ്, കൊളസ്ട്രോൾ, പ്രഷർ രോഗികൾക്ക് പ്രൈമറി ഹെൽത്ത് സെന്ററുകൾ വഴി മരുന്ന് സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | ജീവിതശൈലീ രോഗങ്ങൾ ആയ ഡയബറ്റീസ്, കൊളസ്ട്രോൾ, രക്താതിസമ്മർദ്ദം തുടങ്ങിയ രോഗങ്ങൾക്കുള്ള മരുന്നുകൾ വിദഗ്ധർ തയ്യാറാക്കിയ പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രാഥമികാരോഗ്യ തലം വരെ സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ജീവിതശൈലി രോഗ ബോധന നിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യ'ത്തിലൂടെയാണ് ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി സംഭരിച്ച് വിതരണം ചെയ്തു വരുന്നത്. |
| ബി) | ഇതിനായി എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്; ഈ പദ്ധതിക്ക് കേന്ദ്രസഹായം ലഭ്യമാണോ; എങ്കിൽ കേന്ദ്രസഹായമായി എന്ത് തുക ലഭിക്കുമെന്ന് വ്യക്തമാക്കുമോ? | ബി) | 2016-17 വർഷത്തിൽ 100 ലക്ഷം രൂപ പദ്ധതി ആരോഗ്യ വകുപ്പ് നേരിട്ടും, ആശുപത്രികൾക്ക് ആവശ്യമുള്ളത് വാർഷിക ഇൻഡന്റിലൂടെ സംസ്ഥാന ആരോഗ്യ വകുപ്പ് വഴി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലൂടെയും സംഭരിച്ച് വിതരണം ചെയ്തു വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ NPCDCS (National Program for Control of Diabetes, Cardiovascular Diseases, Cancer and Stroke) -ലൂടെയും 179 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്നുകൾ വാങ്ങുന്നതിനായി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ